11208
2/6/18

കേരള സർക്കാർ

സംഗ്രഹം

വനം-വന്യജീവി വകുപ്പ്- നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ- സർവ്വശ്രീ.കെ.സജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.എസ്. സന്തോഷ്, സീനിയർ സൂപ്രണ്ട്, ജി. ധനിക് ലാൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - കുറ്റവിമുക്തരാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./219/2018/വനം തീയതി,തിരുവനന്തപുരം, 11/05/2018

---

പരാമർശം:- 1) 05.03.2016 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ10 (എസ് സി 38/15/എംപിഎം) 26797/2015 നമ്പർ കത്ത്

2) 13.04.2016 ലെ വിജിലൻസ് വകുപ്പിന്റെ 3169/ഇ4/16/വിജി. നമ്പർ കത്ത്

3) 01.10.2016 ലെ 571774/എ1/2016/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

4 ) 13.12.2016 തീയതിയായി ശ്രീ.കെ.സജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, 24.12.2016 തീയതിയായി ശ്രീ.സന്തോഷ്.പി.എസ്, സീനിയർ സൂപ്രണ്ട്, ശ്രീ.ധനിക് ലാൽ ജി. , റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5) 13.04.2017, 21.08.2017 എന്നീ തീയതികളിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ ബി5-51549/2016 നമ്പർ കത്തുകൾ.

6) 08.09.2017ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) ന്റെ വിഇ10-52426/2016 നമ്പർ കത്ത്.

ഉത്തരവ്

നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വിജിലൻസ്&ആന്റി കറപ്ഷൻ

ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുമായി ബന്ധപ്പെട്ട് പരാമർശം (1) , (2) പ്രകാരമുള്ള റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് സർവ്വശ്രീ.കെ. സജി, ഡിവിഷണൽഫോറസ്റ്റ്ഓഫീസർ, പി.എസ്.സന്തോഷ്, സീനിയർ സൂപ്രണ്ട്, ജി. ധനിക് ലാൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് പരാമർശം(3) പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു. ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

I. ശ്രീ.കെ.സജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(i) That he did not maintain the private cash declaration register in Divisional Forest Office, (South) Nilambur.

(ii) That he had not taken further action in the following files No.GI-11/14, GI-2904/15, GI-3299/15, GI-3413/15, GI-247/15, GI-335/15, GI-829/15 and GI-2481/15 though the files are seen forwarded to the Range Officer Kalikavu for verification and report on 12.02.2014, 05.06.2015, 28.06.2015, 02.07.2015, 23.01.2015, 21.01.2015, 26.02.2015 and 18.05.2015 respectively.

(iii) His lack of supervision from his part resulted in the improper functioning of the office. Thereby he had committed grave dereliction of duty.

II. ശ്രീ.ധനിക് ലാൽ.ജി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(i) That he did not maintain the private cash declaration register in Kalikavu Range Office.

(ii) He had committed grave dereliction of duty.

III. ശ്രീ.സന്തോഷ്.പി.എസ്, സീനിയർ സൂപ്രണ്ട്

(i) That he did not maintain the private cash declaration register

in Divisional Forest Office, South Nilambur.

(ii) He had committed grave dereliction of duty.

2) കുറ്റാരോപിതർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ വിജിലൻസ് കണ്ടെത്തിയ വീഴ്ചകൾ പരിഹരിച്ചുവെന്നും കുറ്റവിമുക്തരാക്കണമെന്നും അഭ്യർത്ഥിച്ചു.അത് അംഗീകരിക്കാവുന്നതാണെന്ന് അഡീഷണൽപ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) പരാമർശം(5) പ്രകാരം അറിയിച്ചു.

3) ടി വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശ പ്രകാരം തടിയധിഷ്ഠിത സ്ഥാപനങ്ങൾക്ക് നിലമ്പൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അന്വേഷണം നടത്തി പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർ ട്ടിലും വിജിലൻ സ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശ പ്രകാരം ടി ഓഫീസുകളിൽ കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചു വരുന്നതായും വീഴ്ചകൾ പരിഹരിച്ചുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വിജിലൻ സ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശ പ്രകാരം ടി ഓഫീസുകളിൽ പ്രൈവറ്റ് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചു വരുന്നതുകൊണ്ടും വിജിലൻസ് പരിശോധന റിപ്പോർട്ടിൽ സൂചിപ്പിച്ച ഫയലുകളിന്മേൽ നടപടി തീർപ്പാക്കിയിട്ടുള്ളതിനാലും ഇപ്പോൾ ഡിവിഷൻ ഓഫീസിൽ നിന്നും ഫയലുകൾ ഉചിതമാർഗ്ഗേനയാണ് റെയിഞ്ച് ഓഫീസിലേയ്ക്ക് കൊണ്ടു പോകുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും നിലമ്പൂർ സൗത്ത് ഡിവിഷനിലും കാളികാവ് റെയിഞ്ചിലും മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും സർവ്വശ്രീ.കെ.സജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പി.എസ്.സന്തോഷ്, സീനിയർ സൂപ്രണ്ട്, ധനിക് ലാൽ ജി., റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, എന്നിവർക്കെതിരെ ആരംഭിച്ച

അച്ചടക്ക നടപടിയിൽ നിന്നും ടിയാൻമാരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

അഡീഷണൽപ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.കെ.സജി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ശ്രീ.ധനിക് ലാൽ,ജി.റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.സന്തോഷ്,പി.എസ്., സീനിയർ സൂപ്രണ്ട്

(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം) മുഖേന)

പ്രിൻസിപ്പൽഅക്കൗണ്ടൻ്റ്ജനറൽ(ആഡിറ്റ്/എ& ഇ) കേരള,തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് ആൻ്റ് ആൻ്റി കറപ്ഷൻ ബ്യൂറോ

വിജിലൻസ് (ഇ) വകുപ്പ്

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ